**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **07-06-2021 - ൽ മറുപടിയ്ക്ക്**

**പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സച്ചാർ കമ്മിറ്റി ശിപാർശകളുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സച്ചാർ കമ്മിറ്റിയുടെ ശിപാർശയുടെ ഭാഗമായി പാലൊളി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളിൽ നടപ്പാക്കിയത് താഴെ പറയുന്നു.

1. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു.
2. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചു.
3. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി.
4. സംസ്ഥാനത്തെ 14 ജില്ലകളിലും കലക്ടറേറ്റുകളിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുകയും, ഓരോ ജില്ലയിലും ഒരു ക്ലാർക്ക് തസ്തിക സൃഷ്ടിക്കുകയും സെല്ലുകളുടെ ചുമതല അതത് അസിസ്റ്റൻറ് ജില്ലാ മജിസ്ട്രേറ്റുകൾക്ക് നൽകുകയും ചെയ്തു.
5. മദ്രസ്സാദ്ധ്യാപകർക്കും അവരുടെ പെൺമക്കൾക്കും വിവാഹധനസഹായ പദ്ധതിയും മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്നവർക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തി.
6. ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 24 സൗജന്യ പരിശീലനകേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാറിതര സന്നദ്ധ സംരംഭങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 32 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.
7. മുസ്ലീം, ലത്തിൻ പരിവർത്തിത ക്രിസ്ത്യൻ സമുദായാംഗങ്ങളായ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പൻറും ഏർപ്പെടുത്തി.
8. മുസ്ലീങ്ങൾ അടക്കമുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി.
9. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.
10. ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി തീരുമാനിച്ചു.
11. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതി ഏർപ്പെടുത്തി.
12. 14 ജില്ലകളും കേന്ദ്രീകരിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കുന്നു.

13. വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഇമ്പിച്ചി ബാവ ഭവനനിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കി (ലൈഫിൽ ലയിപ്പിച്ചു).
14. ചെറുകിട സംരംഭങ്ങൾക്കായി 42 വനിത സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.
15. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നു.
16. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. ഈ പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി 7 ജില്ലാ ആസ്ഥാനങ്ങൾ 23 ബ്ലോക്കുകൾ 43 ടൗണുകളിലുമായി നടപ്പിലാക്കി വരുന്നു. ടി പദ്ധതി ഇപ്പോൾ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം എന്ന പേരിൽ പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതിലെ 40% തുക സംസ്ഥാന സർക്കാരിന്റേതാണ്.

ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കായുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എസ്.എസ്.എൽ.സി വിഭാഗത്തിൽ ഉറുദു ഒന്നാംഭാഷയായും പ്ലസ് ടു വിഭാഗത്തിൽ ഉറുദു രണ്ടാം ഭാഷ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എല്ലാ മത വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികൾക്കുള്ള ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ്, ചാർട്ടേഡ് അക്കൗണ്ടൻസി/ കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ് റീ-ഇംബേഴ്സ്മെൻറ് പദ്ധതി, ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് ഫീ-റീ.ഇംബേഴ്സ്മെൻറ് പദ്ധതി, നേഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദർ തേരസ സ്കോളർഷിപ്പ്, ഗവൺമെൻറ്/ എയ്ഡഡ്/ ഗവൺമെൻറ് അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ. പി. ജെ. അബ്ദുൽ കലാം സ്കോളർ ഷിപ്പ്, ന്യൂനപക്ഷ യുവതി-യുവാക്കൾക്കുള്ള പ്രീമാരിറ്റൽ കൗൺസിലിംഗ് എന്നിവയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ